**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4074** **28-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗിയെ ആക്രമിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2024 മേയ് 26-ന് അപസ്മാര രോഗിയെ ചീഫ് സെക്യൂരിറ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | ഈ സംഭവത്തിന്മേൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ അഞ്ചംഗ അന്വേഷണ കമ്മീഷനെ നിയോഗിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ആരോപണ വിധേയനായ സാർജന്റ് ശ്രീ. ജുറൈജ് റ്റി ജെ -യെ തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. എയ്ഡ് പോസ്റ്റിലെ പോലീസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുകയും സാർജന്റുമാരുടെ ഡ്യൂട്ടി പുന:ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>രോഗികൾ ആക്രമിക്കപ്പെടുകയും, മോഷണം നടക്കുകയും ചെയ്യുന്ന സംഭവങ്ങൾ ഉണ്ടായാൽ ആയത് സമയബന്ധിതമായി പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലവിലെ സെക്യൂരിറ്റി ഓഫീസർ ചുമതലയേറ്റ ശേഷമാണ് ഇത്തരത്തിലുള്ള സംഭവങ്ങൾ വർദ്ധിക്കുന്നതെന്ന് കണ്ടെത്തിയിട്ടില്ല. |
| (ബി) | നിലവിലെ സെക്യൂരിറ്റി ഓഫീസർ ചുമതല ഏറ്റ ശേഷമാണ് പ്രസ്തുത ആശുപത്രിയിൽ രോഗികളെ ആക്രമിക്കുന്നതും മോഷണം വർദ്ധിക്കുന്നതും എന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | എ പിരിവിൽ നൽകിയത് പ്രകാരം. |
| (സി) | അപസ്മാര രോഗിയെ ആക്രമിച്ച സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | എ പിരിവിൽ നൽകിയത് പ്രകാരം. |
| (ഡി) | പ്രസ്തുത സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഡി) | എ പിരിവിൽ നൽകിയത് പ്രകാരം. |

സെക്ഷൻ ഓഫീസർ